## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2637      06.11.2019-ൽ മറുപടിക്ക്

### ഗോത്ര ബന്ധു പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഗോത്ര ബന്ധു പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതുമൂലം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ഡി.എഡ്/ബി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്ന അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു" പദ്ധതി.<br><br>വയനാട് ജില്ലയിൽ 2017-18 അധ്യയന വർഷം 241 പേരെ മെന്റർ ടീച്ചർമാരായി നിയമിച്ചു. ഗോത്രബന്ധു പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2018-19 വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകരമായെങ്കിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലെയും പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | ബി) | പട്ടികവർഗ്ഗത്തിൽപ്പെട്ട അധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 2017-18 അധ്യയന വർഷം മുതൽ 241 പേരെയും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/ എയ്ഡഡ് സ്കൂളുകളിലായി 2018-19 അധ്യയന വർഷം മുതൽ 26 മെന്റർ ടീച്ചർമാരെയും ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.<br><br>പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ